**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3411** **26-06-2024 - ൽ മറുപടിയ്ക്ക്**

**യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യക്തികളുടെ ഭൂമിയുടെ വിവരങ്ങൾ എല്ലാം ഒറ്റ തണ്ടപ്പേരിലാക്കുന്ന യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലുള്ളതാണ്. ഒരു വ്യക്തി തന്റെ ആധാർ, റെലിസിലുള്ള ലാൻഡ് പാർസലുകളുമായി ലിങ്ക് ചെയ്യുന്നതിന് സമ്മതം നൽകിയാൽ മാത്രമേ (Consent Based) ആ വ്യക്തിക്ക് യുണീക്ക് തണ്ടപ്പേർ ലഭിക്കുകയുള്ളൂ. ഇപ്രകാരം 21.06.2024 വരെയായി 27,623 അപേക്ഷകൾ അംഗീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 12.02.2020 ലെ സ.ഉ(സാധാ) നം. 552/2020/റവ പ്രകാരം സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് റെലിസ് ആപ്ലിക്കേഷനിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആധാർ ഓഥന്റിക്കേഷനുള്ള അനുവാദം കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നും കിട്ടിയതിനെ തുടർന്നാണ് Consent Based യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആധാർ ഓഥന്റിക്കേഷനായി സംസ്ഥാനത്തെ എല്ലാ വില്ലേജുകൾക്കും ബയോമെട്രിക് ഫിംഗർപ്രിന്റ് ഉപകരണം നൽകിയിട്ടുള്ളതുമാണ്.<br>നിലവിലെ നിയമപ്രകാരം തണ്ടപ്പേർ കക്ഷികൾ സ്വമേധയാ ആധാറുമായി ബന്ധിപ്പിക്കുന്നതിന് (Consent Based) തയ്യാറായാൽ മാത്രമേ യുണീക്ക് തണ്ടപ്പേർ സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ആധാർ നമ്പർ ഷെയർ ചെയ്യുന്നതിന് തയ്യാറാകുന്ന കേസുകളിൽ യൂണീക്ക് തണ്ടപ്പേർ നൽകുന്നുണ്ട്.<br>ഡിജിറ്റൽ സർവെ കൂടി പൂർത്തിയാകുകയും |

| | | | |
|---|---|---|---|
| | | | Integrated Land Information System (ILIMS) നടപ്പിലാകുകയും ചെയ്യുമ്പോൾ ഓൺലൈൻ പോക്കുവരവ് സാധ്യമാകുകയും മുഴുവൻ ഭൂമി ഇടപാടുകളും ഡിജിറ്റലായി പൂർത്തിയാക്കാൻ സാധിക്കുകയും ചെയ്യും. |
| (സി) | യൂണിക് തണ്ടപ്പേർ സംവിധാനം എത്ര കാലയളവിനുള്ളിൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 12.02.2020 ലെ സ.ഉ(സാധാ) നം. 552/2020/റവ പ്രകാരം സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് റെലിസ് ആപ്ലിക്കേഷനിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആധാർ ഓഥന്റിക്കേഷനുള്ള അനുവാദം കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നും കിട്ടിയതിനെ തുടർന്നാണ് Consent Based യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആധാർ ഓഥന്റിക്കേഷനായി സംസ്ഥാനത്തെ എല്ലാ വില്ലേജുകൾക്കും ബയോമെട്രിക് ഫിംഗർപ്രിന്റ് ഉപകരണം നൽകിയിട്ടുള്ളതുമാണ്.<br><br>നിലവിലെ നിയമപ്രകാരം തണ്ടപ്പേർ കക്ഷികൾ സ്വമേധയാ ആധാറുമായി ബന്ധിപ്പിക്കുന്നതിന് (Consent Based) തയ്യാറായാൽ മാത്രമേ യുണീക്ക് തണ്ടപ്പേർ സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ആധാർ നമ്പർ ഷെയർ ചെയ്യുന്നതിന് തയ്യാറാകുന്ന കേസുകളിൽ യൂണീക്ക് തണ്ടപ്പേർ നൽകുന്നുണ്ട്.<br><br>ഡിജിറ്റൽ സർവെ കൂടി പൂർത്തിയാകുകയും Integrated Land Information System (ILIMS) നടപ്പിലാകുകയും ചെയ്യുമ്പോൾ ഓൺലൈൻ പോക്കുവരവ് സാധ്യമാകുകയും മുഴുവൻ ഭൂമി ഇടപാടുകളും ഡിജിറ്റലായി പൂർത്തിയാക്കാൻ സാധിക്കുകയും ചെയ്യും. |
| (ഡി) | എതെല്ലാം ജില്ലയിലാണ് യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | യൂണിക് തണ്ടപ്പേർ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ